പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 184 | 26.03.2013-ൽ മറുപടിയ്ക്ക്

## നികുതി ചോർച്ച

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.എ.ബേബി<br>ശ്രീ.എസ്.ശർമ്മ<br>ശ്രീ.പി.റ്റി.എ.റഹീം | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ നികുതി പിരിവ് അതിന്റെ സാദ്ധ്യത കളുടെ അടിസ്ഥാനത്തിൽ നടക്കുന്നുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | കൂടുതൽ ഊർജ്ജിതവും കാര്യക്ഷമവുമായ ശ്രമം നടത്തിയാൽ നികുതി വരുമാനം ഇനിയും വർദ്ധിപ്പിക്കുവാൻ സാധിക്കുമെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുണ്ട്. എന്നാലും ചില മേഖലകളിൽ നികുതിവെട്ടിപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു തടയുവാനുള്ള വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ അതിനനുസൃതമായ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് ; വ്യക്തമാക്കാമോ ; | (സി) | ബാധകമല്ല |
| (ഡി) | സാധനങ്ങളുടെ വിലയിൽ ഉണ്ടായ വർദ്ധന കൂടി പരിഗണിച്ചാൽ യഥാർത്ഥത്തിൽ നികുതി വരുമാനം മുൻ വർഷത്തേതിനേക്കാൾ എത്ര ശതമാനം വർദ്ധിക്കേണ്ടതുണ്ടായിരുന്നു ; അത് ഉണ്ടാകാതിരുന്നത് ഏതെല്ലാം കാരണങ്ങൾ കൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ഡി) | കഴിഞ്ഞവർഷം ജനങ്ങൾ ഉപയോഗിക്കുന്ന അവശ്യവസ്തുക്കളുടെ നികുതി 4% ൽ നിന്നും 1% ആയി കുറച്ച് സാധാരണ ജനങ്ങൾക്ക് വിലവർദ്ധനയുടെ കാലത്തിൽ കാര്യമായ ആശ്വാസം സർക്കാർ നൽകുകയുണ്ടായി. ധാന്യങ്ങൾ, ധാന്യപ്പൊടികൾ, പയർ വർഗ്ഗങ്ങൾ, ഭക്ഷ്യ എണ്ണകൾ, മൈദ, ആട്ട, സൂചി, റവ എന്നിവയുടെ നികുതി 4% ൽ നിന്നും |

| | | | |
|---|---|---|---|
| | | | 1% ആയി കുറയ്ക്കുകയുണ്ടായി. അവശ്യ വസ്തുക്കളുടെ വില വർദ്ധനകാലത്ത് സാധാരണ ജനങ്ങളുടെ ക്രയശേഷിയെ അതുസാരമായി ബാധിക്കുമെന്നതിനാൽ മറ്റു ചരക്കുകളുടെ വില്പനയിൽ ഒരു പരിധിവരെ കുറവുണ്ടാകും. സാമ്പത്തിക മാന്ദ്യത്തിന്റെയും കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവിന്റെയും ഫലമായി ഇതു കേരളത്തേയും ബാധിച്ചിട്ടുണ്ട്. എന്നാൽ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ നികുതി പിരിവ് ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർഷം ഫെബ്രുവരി മാസം വരെ 22% നികുതി വർദ്ധന കൈവരിക്കാൻ വാണിജ്യ നികുതി വകുപ്പിന് സാധിച്ചിട്ടുണ്ട്. അതിനാൽ നികുതി പിരിവ് വർദ്ധനയിൽ കുറവുണ്ടായിട്ടില്ല. ഇതു കൂടാതെ പെട്രോൾ, ഡീസൽ വിലവർദ്ധനയുണ്ടായപ്പോൾ നികുതി നിരക്ക് കുറച്ച് റവന്യൂ ന്യൂട്രൽ റേറ്റ് നടപ്പിൽ വരുത്തുകയുണ്ടായി.<br>ഇതിലും വരുമാനനഷ്ടമുണ്ടായിട്ടുണ്ട്. 2011 മെയ് മാസം പെട്രോളിനുണ്ടായിരുന്ന നികുതി നിരക്ക് 29.01 ശതമാനത്തിൽ നിന്നും 25.68 ശതമാനമായും ഡീസലിന് 24.69 ൽ നിന്നും 19.80 ശതമാനമായും കുറയ്ക്കുകയുണ്ടായി. ഈ സാഹചര്യങ്ങളെല്ലാം ഉണ്ടായിട്ടും വകുപ്പ് 22% നികുതി വർദ്ധന രേഖപ്പെടുത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| (ഇ) | നികുതി ചോർച്ച തടയുന്നതിനുള്ള സംവിധാനം ശക്തിപ്പെടുത്താമോ ? | (ഇ) | നികുതിചോർച്ച തടയുവാനുള്ള ഫലപ്രദമായ നടപടികൾ ഇതിനായി സ്വീകരിച്ചിട്ടുണ്ട്. വില്പന നികുതി സ്ക്വാഡിന്റെ പ്രവർത്തനം വിപുലപ്പെടുത്തിയും ഊടുവഴികളുള്ള ബോർഡർ ഏര്യായിൽ അധിക സ്ക്വാഡിനെ deploy ചെയ്തും നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട prima facie കേസുകൾ ഉള്ള വ്യാപാരസ്ഥാപനങ്ങളിൽ പരിശോധന നടത്തിയും നികുതി റിട്ടേണുകളുടെ സ്ക്രൂട്ടിനി കാര്യക്ഷമമാക്കിയും ഇത്തരം ചോർച്ച തടയാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ